ന്യൂലൈഫ്
ബൈബിൾ പഠന കോഴ്സ്

# ക്രിസ്തുവിന്റെ ജീവിതം

## യൂണിറ്റ് D

## പഠനം 1. സുവിശേഷം എല്ലാവർക്കും

പേര്:

**വായിക്കുക: ലൂക്കോസ് 2:21–35**

**താക്കോൽവാക്യം: റോമർ 1:16**

**"സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അതു രക്ഷയ്ക്കായി ദൈവശക്തിയാകുന്നവല്ലോ"**

മൂന്നാമത്തെ സുവിശേഷത്തിന്റെ എഴുത്തുകാരനായ ഡോക്ടർ ലൂക്കോസ് ദൈവപുത്രനായ യേശുകർത്താവിനെ ഒരു യഥാർത്ഥ മനുഷ്യനായി പ്രദർശിപ്പിച്ചിരിക്കുന്നു. മുമ്പുള്ള പഠനങ്ങളിൽ നിന്നും നിങ്ങൾക്ക് ഓർമ്മയുണ്ടാകും, മത്തായി യേശുവിനെ കൂടുതലും രാജാവായും, മർക്കോസ് യേശുവിനെ ദൈവത്തിന്റെ ഒരു ശുശ്രൂഷകനായും വെളിപ്പെടുത്തുന്നു. ലൂക്കോസ് യേശുവിനെ യഹൂദന്മാർക്കു മാത്രമല്ലാതെ സകലമനുഷ്യരുടേയും അനുഗ്രഹത്തിനായി വന്ന മാതൃകാ പുരുഷനായിട്ടാണ് അവതരിപ്പിക്കുന്നത്.

യേശു സകല മനുഷ്യരുടേയും രക്ഷകനാണ് എന്നു സൂചിപ്പിക്കുന്ന കാര്യങ്ങൾ ലൂക്കോസ് സുവിശേഷത്തിൽ നിന്നും ഉദ്ധരിച്ചിട്ടുള്ളത് ചുവടെ ശ്രദ്ധിക്കുക.

1. 3-ാം അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്ന വംശാവലി ഒന്നാം മനുഷ്യനായ ആദാമിൽ അവസാനിക്കുമ്പോൾ പ്രധാനമായും യഹൂദന്മാർക്കുവേണ്ടി എഴുതപ്പെട്ട മത്തായി സുവിശേഷത്തിൽ അത് യഹൂദന്മാരുടെ പിതാവും സ്ഥാപകനുമായ അബ്രഹാമിന് അപ്പുറത്തേക്ക് പോകുന്നില്ല.
2. **ലോകമൊക്കെയും** പേർ വഴി ചാർത്തേണം എന്ന് ഓഗുസ്തോസ് കൈസരുടെ ആജ്ഞയുടെ പശ്ചാത്തലത്തിലാണ് യേശുവിന്റെ ജനനം ലൂക്കോസ് സുവിശേഷത്തിൽ നൽകിയിരിക്കുന്നത്.
3. രക്ഷകൻ ജനിച്ച രാത്രിയിൽ ദൂതൻ ഇടയന്മാരോട് പറഞ്ഞ സന്ദേശം രേഖപ്പെടുത്തിയിട്ടുള്ളത് ലൂക്കോസ് സുവിശേഷത്തിൽ മാത്രമാണ്. **"ഭയപ്പെടേണ്ട; സർവ്വജനത്തിനും ഉണ്ടാകുവാനുള്ളൊരു മഹാ സന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു"** ***(ലൂക്കോസ് 2:10).***
4. യഹൂദന്മാരുടെ ആചാരമനുസരിച്ചുള്ള അനുഷ്ഠാനങ്ങൾ ചെയ്യുന്നതിനായി ശിശുവായിരുന്നു യേശുവിനെ യെരുശലേം ദൈവാലയത്തിൽ കൊണ്ടുപോയപ്പോൾ ശിമയോൻ എന്നു പേരുള്ള ഒരു ഭക്തനായ മനുഷ്യൻ ആ ശിശുവിനെ തന്റെ കൈകളിൽ എടുത്തു. അവൻ ദൈവത്തോടുള്ള തന്റെ പ്രാർത്ഥനയിൽ ശിശുവിനെക്കുറിച്ച് **സർവ്വജനത്തിനുവേണ്ടിയുള്ള** രക്ഷയായും, ജാതികൾക്ക് വെളിപ്പാടുകൾ നൽകുവാനുള്ള വെളിച്ചമായും യിസ്രായേൽ ജനതയുടെ മഹത്വവുമാണെന്ന് പറയുകയുണ്ടായി ***(ലൂക്കോസ് 2:30 – 32 കാണുക)*** ശിമയോൻ യഹൂദന്മാരെക്കുറിച്ച് പറയുന്നതിനു മുമ്പ് ജാതികളെക്കുറിച്ചു പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക!
5. നമ്മുടെ കർത്താവ് തന്റെ സ്വദേശമായ നസറേത്തിലെ ഒരു യഹൂദ പള്ളിയിൽ പ്രസംഗിക്കുന്നതിനെക്കുറിച്ച് ലൂക്കോസ് വളരെ വിശദമായി 4-ാം അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്നു. താൻ അവരുടെ മിശിഹായാണെന്ന തന്റെ പ്രഖ്യാപനത്തെ വിശ്വസിക്കുന്നതിൽ അവൻ ഉപേക്ഷ വിചാരിച്ചപ്പോൾ പഴയ നിയമത്തിലെ വളരെ അറിയപ്പെടുന്ന രണ്ട് പ്രവാചകന്മാരുടെ കാലത്ത് സംഭവിച്ചകാര്യം അവരെ ഓർമ്മപ്പെടുത്തി. ദൈവം അന്ന് യഹൂദന്മാരല്ലാതെയിരുന്ന രണ്ടു പേർക്ക് തന്റെ വാത്സല്യം ചൊരിഞ്ഞു എന്ന കാര്യത്തെയാണ് നമ്മുടെ കർത്താവ് ചൂണ്ടിക്കാണിച്ചത്. ചരിത്രം വീണ്ടും ആവർത്തിക്കപ്പെടും എന്ന് നസറേത്തിലുള്ള അവിശ്വാസികളായ യഹൂദന്മാർക്ക് ഒരു മുന്നറിയിപ്പായിട്ട് പറഞ്ഞതാണ്. ഇവർ ക്രിസ്തുവിന്റെ സുവിശേഷം സ്വീകരിക്കുന്നില്ലെങ്കിൽ ചില ജാതികൾ അത് സ്വീകരിക്കും!
6. ലൂക്കോസിലെ ഏറ്റവും ശ്രദ്ധേയമായ ഒരു വാക്യം സക്കായിയുടെ കഥയുടെ അവസാനഭാഗത്തായി കാണുവാൻ കഴിയും (19:10). അവൻ എപ്രകാരം മരത്തിൽ നിന്ന് ഇറങ്ങി വന്നുവെന്നും സന്തോഷത്തോടെ യേശുവിനെ വീട്ടിലേക്ക് സ്വീകരിച്ചതും ഒന്ന് ഓർത്തുനോക്കുക. തന്റെ വീട്ടിൽ വന്ന രക്ഷയെക്കുറിച്ച് കർത്താവ് പറഞ്ഞതിനുശേഷം താൻ ഇപ്രകാരം കൂട്ടിച്ചേർത്തു. **"കാണാതെ പോയതിനെ കണ്ട് രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ ലോകത്തിലേക്കു വന്നത്"** എല്ലാവർക്കും വേണ്ടിയുള്ള ഒരു രക്ഷകനെയാണ് ഇവിടെ വീണ്ടും ലൂക്കോസ് ചിത്രീകരിക്കുന്നത് കാരണം എല്ലാവരും കാണാതെ പോയവരും രക്ഷ ആവശ്യമുള്ളവരുമാണ്.
7. ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ ശിഷ്യന്മാരോട് മാനസാന്തരത്തെക്കുറിച്ചും തന്റെ നാമത്തിലുള്ള പാപമോചനത്തെക്കുറിച്ചും ***സർവ്വജനത്തോടും*** അറിയിക്കേണ്ടുന്നതിനെക്കുറിച്ച് നമ്മോടു പറഞ്ഞുകൊണ്ടാണ് ലൂക്കോസ് തന്റെ സുവിശേഷം അവസാനിപ്പിക്കുന്നത് ***(ലൂക്കോസ് 24:47).***

നമ്മുടെ കർത്താവ് ഈ ഭൂമിയിലേക്കു വന്ന ഉദ്ദേശ്യത്തിന്റെ ഒരു വിശാലമായ വീക്ഷണമാണ് ലൂക്കോസിന്റെ സുവിശേഷം നൽകുന്നതെന്ന് ഈ സൂചനകൾ നമ്മെ വ്യക്തമാക്കുന്നു. ജാതീയരായ വായനക്കാർ ഇവിടെയിതാ തങ്ങൾക്കുവേണ്ടി ഒരു നല്ല സന്ദേശം എന്ന് കാണുവാൻ തക്കവണ്ണമാണ് ഒരു പഴയ യഹൂദനല്ലാത്ത (ജാതിയനായ) ലൂക്കോസ് ഈ സുവിശേഷം എഴുതിയത്. ക്രിസ്തുവിന്റെ സുവിശേഷം സർവ്വലോകത്തിനുമുള്ളതാണ്. അവന്റെ ജനനത്തിൽ ദൂതന്മാർ അറിയിച്ചതുപോലെ വാസ്തവത്തിൽ ഇന്ന് മനുഷ്യർക്ക് ദൈവപ്രസാദം തന്നെയാണ് ***(ലൂക്കോസ് 2:14).*** ലൂക്കോസ് 3:6 ഇതേ കാര്യം തന്നെ സൂചിപ്പിക്കുന്നു- ***സകലജഡവും*** ദൈവത്തിന്റെ രക്ഷയെ കാണും.

ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ നാമെല്ലാം ശ്രദ്ധിക്കേണ്ടുന്ന രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്:-

1. നാം ഓരോരുത്തരും വ്യക്തിപരമായും മാനസാന്തരപ്പെടുകയും വിശ്വാസത്താൽ നമ്മുടെ പാപങ്ങളുടെ ക്ഷമ പ്രാപിക്കേണ്ടതുമാണ്.
2. നാം ഈ കാര്യം ചെയ്തിട്ടുണ്ടെങ്കിൽ ഈ സന്ദേശം ലോകമെങ്ങും അറിയിക്കുവാനുള്ള കടമ നമ്മിലുണ്ട്. സുവിശേഷം നിശ്ചയമായും ***"വിശ്വസിക്കുന്ന ഏവനും അത് രക്ഷയ്ക്കായി ദൈവശക്തിയാകുന്നു"***

**1 ചുവടെ കൊടുത്തിരിക്കുന്നവ ശരിയോ തെറ്റോ എന്നെഴുതുക.**

a. യേശുകർത്താവ് തന്നെക്കുറിച്ചു തന്നെ "മനുഷ്യപുത്രൻ" എന്നു വിശേഷിപ്പിക്കുന്നു. ......................

b. ലൂക്കോസിന്റെ സുവിശേഷത്തിൽ യേശുവിന്റെ വംശാവലി അബ്രഹാമിൽ അവസാനിക്കുന്നു. ......................

c. ശിശുവായിരുന്ന യേശുവിനെ ശിമെയോൻ തന്റെ കൈകളിൽ എടുത്തു. ......................

d. യേശുവിന്റെ സ്വന്തപട്ടണമായിരുന്നു യെരീഹോ. ...................... 5

e. രക്ഷകൻ എല്ലാവർക്കും വേണ്ടിയുള്ളതാണെന്നാണ് ലൂക്കോസ് സുവിശേഷം വ്യക്തമാക്കുന്നത്. ......................

**2 നസറേത്തിലുള്ള യഹൂദ പള്ളിയിൽ യേശു പ്രസംഗിക്കുന്ന കഥ ലൂക്കോസ് 4:16 – 29 ൽ നിന്ന് കണ്ടെത്തുക. ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

a. ഇത് ആഴ്ചയിലെ ഏത് ദിവസമായിരുന്നു?

b. പഴയനിയമത്തിലെ ഏത് പ്രവാചകന്റെ വാക്കുകളാണ് താൻ വായിച്ചത്?......................

c. താൻ വായിച്ചതിനുശേഷം നടത്തിയ പ്രസംഗത്തിന്റെ പ്രാരംഭവാക്കുകൾ എന്ത്? ......................

......................

d. പഴയനിയമത്തിലെ ഏതൊക്കെ രണ്ട് പ്രവാചകന്മാരെക്കുറിച്ചാണ് താൻ സൂചിപ്പിച്ചത്?......................

......................

e. താൻ പറഞ്ഞതിനോട് കേൾവിക്കാർ എങ്ങനെയാണ് പ്രതികരിച്ചത്? (വാക്യം 28,29). ...................... 6

......................

**3 a. നാം എല്ലാവരും "കാണാതെ പോയിരിക്കുന്നു" എന്ന് പറഞ്ഞിരിക്കുന്നത് ഏത് അർത്ഥത്തിലാണ്**

......................

**b. ലൂക്കോസ് 19:10 എഴുതുക.**

......................

...................... 4

**4 a. "ലോകത്തിന്റെ രക്ഷകൻ" എന്ന പ്രയോഗത്തിലൂടെ എന്താണ് അർത്ഥമാക്കുന്നതെന്ന് വിവരിക്കു. (1 യോഹന്നാൻ 4:14&15 നിങ്ങളെ സഹായിക്കും)**

......................

......................

......................

**b. "ലോകത്തിന്റെ രക്ഷകൻ" എന്ന ആശയം സർവ്വലോകവും രക്ഷ പ്രാപിക്കും എന്ന് അർത്ഥമാക്കുന്നുണ്ടോ? നിങ്ങളുടെ ഉത്തരങ്ങൾ തെളിവു സഹിതം എഴുതുക.**

......................

...................... 6

......................

**5 നമ്മുടെ കർത്താവ് മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റപ്പോൾ സുവിശേഷം പ്രസംഗിക്കപ്പെടണമെന്ന് താൻ ആരോടാണ് പറഞ്ഞത്?** ...................... 2

**6 a. ലൂക്കോസിന്റെ തൊഴിൽ എന്തായിരുന്നു?**

...................... 2

**b. തന്റെ സുവിശേഷം പ്രാരംഭത്തിൽ ആർക്കാണെഴുതിയത്? (ലൂക്കോസ് 1:3&4)**......................

**25**
ആകെ മാർക്ക്

## ന്യൂലൈഫ്
ബൈബിൾ പഠന കോഴ്സ്

# ക്രിസ്തുവിന്റെ ജീവിതം

യൂണിറ്റ് D

## പഠനം 2. കാണാതെ പോയത് കണ്ടെടുത്തു

**വായിക്കുക: ലൂക്കോസ് 15:1 – 24**

**താക്കോൽവാക്യം: ലൂക്കോസ് 15:2.**

**"ഇവൻ പാപികളെ കൈക്കൊണ്ട് അവരോടുകൂടെ ഭക്ഷിക്കുന്നു"**

യേശുവിന്റെ കാലത്ത് ചുങ്കക്കാർ (കരം പിരിക്കുന്നവർ) റോമാക്കാർക്കുവേണ്ടി ജോലി ചെയ്തതുകൊണ്ട് അവരെ രാജ്യദ്രോഹികളായാണ് കരുതപ്പെട്ടിരുന്നത്. യഹൂദന്മാരായിട്ടുള്ളവരെല്ലാം ഈ കൂട്ടരെ വെറുത്തു. ദുർമാർഗ്ഗത്തിൽ ജീവിച്ചിരുന്ന മറ്റുള്ളവരേയും ഇപ്രകാരം തന്നെ അവഗണിച്ചിരുന്നു. "ചുങ്കക്കാരും, പാപികളും" സമൂഹത്തിലെ തള്ളപ്പെട്ടവരാണ്. എല്ലാവരാലും തള്ളപ്പെട്ടവർക്കുവേണ്ടി കർത്താവായ യേശുവിന് എപ്പോഴും സമയമുണ്ടായിരുന്നു. **"അവൻ ചുങ്കക്കാരുടേയും പാപികളുടേയും സുഹൃത്തായിരുന്നു"** ***(ലൂക്കോസ് 7:84).***

ഇപ്രകാരമുള്ളവരോട് മനസ്സലിവും സൗഹൃദവും പുലർത്തിയതുകൊണ്ട് അവൻ പലപ്പോഴും കുറ്റപ്പെടുത്തലുകൾ ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്. ***താക്കോൽവാക്യം*** സൂചിപ്പിക്കുന്നതുപോലെ പരീശന്മാരും ശാസ്ത്രിമാരും അവനെ പരിഹസിച്ചു. **അവൻ** അപ്രകാരമൊക്കെ ചെയ്യുന്നത് തെറ്റാണെന്നായിരുന്നു **അവർ** പറഞ്ഞുകൊണ്ടിരുന്നത്. ഇപ്രകാരമുള്ള ചീത്ത കൂട്ടുകെട്ടിൽ ഇവരെ ഒരിക്കലും കാണുവാൻ സാധിക്കില്ല.

അവരുടെ ഈ കുറ്റപ്പെടുത്തലിന് ഉത്തരമായി കർത്താവ് മൂന്നു കഥകൾ അഥവാ ഉപമകൾ പറഞ്ഞു. അയോഗ്യരായ പാപികളെ സ്വീകരിക്കുവാൻ ദൈവത്തിന് പ്രസാദമുണ്ട് എന്നതാണ് ഇതിന്റെ സ്വർഗ്ഗീയ അർത്ഥം. ഇവർ ആത്മാർത്ഥതയോടെ തങ്ങളുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവത്തിങ്കലേക്ക് മടങ്ങി വരുന്നുവെങ്കിൽ അവൻ തീർച്ചയായും അവരിൽ പ്രസാദിക്കും. സ്വയം നീതിമാന്മാരായി തങ്ങൾ എത്രമാത്രം പാപികളാണെന്ന് അംഗീകരിക്കാത്തവരേക്കാളും ഇങ്ങനെയുള്ളവരിൽ ദൈവം കൂടുതൽ സന്തോഷിക്കുന്നു.

ഈ മൂന്ന് ഉപമകളെക്കുറിച്ച് ഒന്നു ചിന്തിക്കാം:-

**1. കാണാതെപോയ ആട്** *(വാക്യം 3:7)*



നാം ആടുകളെ കൂട്ടത്തിൽ നിന്നും ഒരെണ്ണത്തെ കാണാതെയായി. അത് നഷ്ടപ്പെട്ടു. ആ ഇടയൻ അതിന് വലിയ വില കണക്കാക്കിയതുകൊണ്ട് അതിനെ കണ്ടെത്തുംവരെ വിശ്രമമില്ലാതെ അന്വേഷിച്ചു. അതിനുശേഷം അവൻ അതിനെ ഭവനത്തിൽ കൊണ്ടു വരികയും അതിന്റെ സുരക്ഷിതമായ മടങ്ങിവരവിനെക്കുറിച്ച് കൂട്ടുകാരോടും അയൽക്കാരോടും പറയുവാൻ താമസിച്ചില്ല. ഒരു "നഷ്ടപ്പെട്ട" പാപി തന്റെ പാപത്തെക്കുറിച്ച് മാനസാന്തരപ്പെട്ടു രക്ഷയ്ക്കായി കർത്താവിന്റെ അടുക്കൽ വരുമ്പോൾ ഇതേപോലെയാണ് സ്വർഗ്ഗത്തിലും സംഭവിക്കുന്നത് എന്ന് യേശുകർത്താവ് വിവരിച്ചു. തങ്ങൾ നഷ്ടപ്പെട്ടവരാണെന്നും രക്ഷ ആവശ്യമാണെന്നും മനസ്സിലാക്കാത്ത 99 നേക്കാൾ കണ്ടുമുട്ടിയ ഒന്നിനെയോർത്ത് വളരെ സന്തോഷമുണ്ടാകുന്നു. പഠനം 1-ൽ ലൂക്കോസ് 19:10 എന്താണ് പഠിപ്പിക്കുന്നത് എന്ന് ഓർക്കുക.

**2. കാണാതെ പോയ ദ്രഹ്മ** *(വാക്യം 8 – 10)*



രണ്ടാമത് ഒരു കഥ പറഞ്ഞതിലൂടെ നമ്മുടെ കർത്താവ് തന്റെ ഉപദേശം തുടർന്നു. ഒരു സ്ത്രീ തനിക്കുണ്ടായിരുന്ന ഒരു വെള്ളി നാണയം (ദ്രഹ്മ) നഷ്ടപ്പെട്ടു. മറ്റ് 9 എണ്ണം ഉണ്ടെങ്കിലും അതിൽ ആശ്വസിക്കുവാൻ അവൾക്കു കഴിഞ്ഞില്ല. ആ നഷ്ടപ്പെട്ടതിനെക്കുറിച്ച് അവൾ വളരെ വിചാരപ്പെട്ടതുകൊണ്ട് അത് കണ്ടെത്തും വരെ അവൾ അന്വേഷിച്ചുകൊണ്ടിരുന്നു. അവളുടെ സന്തോഷം അവിശ്വസനീയം തന്നെ! ഈ സുവാർത്ത അവൾ വളരെ പെട്ടെന്ന് പ്രസിദ്ധമാക്കുകയും അവളുടെ അയൽക്കാരെ തന്നോടൊപ്പം സന്തോഷിക്കുവാൻ അവൾ ക്ഷണിക്കുകയും ചെയ്തു. നമ്മുടെ കർത്താവ് ഇതിന്റെ അർത്ഥം വീണ്ടും പറയുകയുണ്ടായി. ചുങ്കക്കാരും പാപികളും നിന്ദിക്കപ്പെട്ടും തള്ളപ്പെട്ടും ഇരിക്കേണ്ടവരല്ല. ദൈവം അവർക്കുവേണ്ടി കരുതുന്നവനാണ്. അവർ അവരുടെ പാപങ്ങളിൽ നിന്നും ആത്മാർത്ഥതയോടെ പിന്തിരിയുമ്പോൾ ദൈവം അവരിൽ പ്രസാദിക്കുന്നു. നിങ്ങൾ നിങ്ങളുടെ പാപങ്ങളെ ഉപേക്ഷിച്ച് രക്ഷകനിൽ വിശ്വസിച്ചപ്പോൾ സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടായിരുന്നുവോ?

**3. കാണാതെപോയ മകൻ** *(വാക്യം 11:24).*

യേശുകർത്താവിന്റെ ഉപമകളിൽ വെച്ച് ഒരുപക്ഷെ ഏറ്റവും പ്രശസ്തമായ ഉപമ 'മുടിയനായ പുത്ര' നെക്കുറിച്ചായിരിക്കും . അവൻ ഒരു ധൂർത്തനായ വ്യക്തിയായിരുന്നു (മുടിയൻ എന്നതിന്റെ അർത്ഥം ധൂർത്തൻ എന്നാണ്) തന്റെ അപ്പൻ നൽകിയ പണം അവൻ വെറുതെ ചിലവഴിക്കുകയും തന്റെ പാപസ്വഭാവങ്ങളാൽ വളരെ തെറ്റായി പ്രവർത്തിക്കുകയും തന്റെ പിതാവിനെ അപമാനിക്കുകയും ചെയ്തു ഇതിന്റെയൊക്കെ മദ്ധ്യത്തിലും തന്റെ മകന്റെ മടങ്ങി വരവിനെ ആ പിതാവ് പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

പിന്നീട് ആ മകൻ തന്റെ തെറ്റുകളെ മനസ്സിലാക്കി തിരികെ വന്നപ്പോൾ എപ്രകാരമുള്ള ഒരു സ്വീകരണമാണ് അവനു ലഭിച്ചത്! അവൻ പൂർണ്ണമായി ക്ഷമ പ്രാപിക്കുകയും തനിക്ക് കുടുംബത്തിൽ മുമ്പുണ്ടായിരുന്ന സ്ഥാനത്തേക്ക് യഥാസ്ഥാനപ്പെടുകയും ചെയ്തു.

സമൂഹത്തിൽ ഉപേക്ഷിക്കപ്പെട്ടവരെ കരുതുന്നതിന് തന്നെ വിധിച്ച പരീശന്മാർക്കും ശാസ്ത്രിമാർക്കും യേശുകർത്താവ് ആദ്യത്തെ രണ്ട് ഉപമകളിലൂടെന്നപോലെ ഉത്തരം നൽകി. ഒരു ആടോ, നാണയമോ, മകനോ നഷ്ടപ്പെട്ട് കണ്ടുകിട്ടുമ്പോൾ നിങ്ങൾ എല്ലാവരും അതിൽ സന്തോഷിക്കുന്നു എന്ന രീതിയിലാണ് താൻ ഇതു പറഞ്ഞത്. ദൈവത്തിൽ നിന്നും അകന്നു പോയവർ മാനസാന്തരപ്പെട്ട് അവങ്കലേക്ക് മടങ്ങി വന്നാൽ ദൈവവും അപ്രകാരമുള്ളവരോട് ക്ഷമിക്കുകയും അവരെ സ്വീകരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് പാപികളുടെ കൂട്ടുകാരനായിരിക്കുന്നു എന്ന് പറഞ്ഞ് എന്നെ നിങ്ങൾ ന്യായം വിധിക്കേണ്ട ആവശ്യമില്ല എന്നാണ് കർത്താവ് ഇതു പറയുന്നതിലൂടെ അർത്ഥമാക്കിയത്.

നമ്മുടെ പാപങ്ങളെ ഓർത്തുകൊണ്ട് നമ്മുടെ മനസ്സ് വ്യാകുലപ്പെടുമ്പോൾ ഇതാ ഇവിടെ മാനസാന്തര പ്രാർത്ഥനയുടെ ഒരു നല്ല ഉദാഹരണം ശ്രദ്ധിക്കുക.

***"ഞാൻ എന്റെ പാപം നിന്നോടറിയിച്ചു; എന്റെ അകൃത്യം മറച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു, അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു" (സങ്കീർത്തനം 32:5)***

**1** a. ചുങ്കക്കാരെ (കരം പിരിക്കുന്നവരെ) അനേക യഹൂദന്മാരും നിന്ദിച്ചത് എന്തുകൊണ്ട്?

..............................................................................................................................

യ. ലൂക്കോസ് 15:2-ൽ നിന്നും, പരീശന്മാരും ശാസ്ത്രിമാരും യേശുവിനെതിരെ പറഞ്ഞ ആരോപണങ്ങൾ എന്തെല്ലാം എന്നെഴുതുക.

..............................................................................................................................

.............................................................................................................................. 4

**2** ചുവടെ കൊടുത്തിരിക്കുന്ന വാക്കുകളുടെ ജോഡികൾ തമ്മിൽ വരകളാൽ ബന്ധിപ്പിക്കുക.

| | |
|---|---|
| ഇടയൻ | ദൂതന്മാർ |
| സ്ത്രീ | മകൻ |
| പിതാവ് | നാണയം |
| ദൈവം | ആട് |

4

**3** മകൻ തിരികെ വന്നപ്പോൾ തന്റെ പിതാവിനോട് താൻ യഥാർത്ഥത്തിൽ പറഞ്ഞ വാക്കുകൾ എഴുതുക.

..............................................................................................................................

..............................................................................................................................

.............................................................................................................................. 3

**4** ഈ മൂന്ന് ഉപമകളിലായി പഠിപ്പിച്ചിരിക്കുന്ന പ്രധാന ഗുണപാഠം എന്താണെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.

..............................................................................................................................

..............................................................................................................................

.............................................................................................................................. 4

**5** യേശുകർത്താവിന് പറയുവാനുള്ളത് കേൾക്കുന്നതിൽ ചുങ്കക്കാർ വളരെ ആഗ്രഹം പ്രകടിപ്പിച്ചിരുന്നത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? (വാക്യം 1)

..............................................................................................................................

.............................................................................................................................. 2

**6** ഈ മൂന്ന് ഉപമകളും നമ്മെ ചിത്രീകരിക്കുന്നു? എപ്രകാരം?

..............................................................................................................................

..............................................................................................................................

.............................................................................................................................. 4

**7** അപ്പോസ്തലപ്രവൃത്തികൾ 5:30 – 31 ദൈവം ക്ഷമിക്കുന്നതിന്റെ അടിസ്ഥാനത്തെക്കുറിച്ച് പ്രസ്താവിക്കുന്നു. അതെന്താണ്?

..............................................................................................................................

..............................................................................................................................

.............................................................................................................................. 4

25

ആകെ മാർക്ക്

ന്യൂലൈഫ്
ബൈബിൾ പഠന കോഴ്സ്

# ക്രിസ്തുവിന്റെ ജീവിതം

## യൂണിറ്റ് D

### പഠനം 3. ഒരു അന്യൻ പറയുന്നു "നന്ദി"

**വായിക്കുക: ലൂക്കൊസ് 17: 11 – 19**

**താക്കോൽവാക്യം: സങ്കീർത്തനം 105:1 – 2**

**"യഹോവയ്ക്ക് സ്തോത്രം ചെയ്‌വിൻ...അവന്റെ സകല അത്ഭുതങ്ങളെയും കുറിച്ചു സംസാരിപ്പിൻ"**

പത്ത് കുഷ്ഠരോഗികളുടെ സൗഖ്യത്തെക്കുറിച്ച് ലൂക്കോസ് സുവിശേഷത്തിൽ മാത്രമാണ് പറയുന്നത്. തന്നെ സൗഖ്യമാക്കിയതിന് യേശുകർത്താവിന് നന്ദി പറയുവാൻ മടങ്ങി വന്നവൻ ഒരു ശമര്യാക്കാരൻ മാത്രമായിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ആരാണ് ഈ ശമര്യർ? അവരിൽ ഭൂരിഭാഗം ആളുകളും താമസിച്ചിരുന്ന സ്ഥലമാണ് ഭൂപടത്തിൽ സൂചിപ്പിച്ചിരിക്കുന്നത്, ഈ സ്ഥലത്തെ ശമര്യ എന്നാണ് അറിയപ്പെട്ടത്. ക്രിസ്തുവിനും അനേകം വർഷങ്ങൾക്കുമുമ്പ് യഹൂദന്മാരും അശൂര്യരും തമ്മിൽ വിവാഹം ചെയ്തുണ്ടായ മിശ്രജാതിയാണ് ശമര്യർ. അതുകൊണ്ട് അവർ യഹൂദന്മാരാൽ നിന്ദിക്കപ്പെട്ടവരും പകുതി ജാതിയായി കണക്കാക്കപ്പെട്ടവരുമായിരുന്നു. യഹൂദന്മാർക്കും ശമര്യർക്കും തമ്മിൽ സമ്പർക്കമില്ല എന്ന് ഒരു സുവിശേഷ എഴുത്തുകാരൻ പറയുന്നു ***(യോഹന്നാൻ 4:9).*** ഇവർ മുഴുവനായും യഹൂദരക്തത്തിൽ പിറന്നവരല്ലായ്കകൊണ്ട് അവർക്ക് യെരുശലേം ദൈവാലയത്തിലെ ദൈവആരാധനയിൽ യാതൊരു സ്ഥാനവുമില്ലായിരുന്നു. ഇതിനു പകരമായി അവർ ഗരിസിം മലയിൽ തങ്ങളുടേതായ ഒരു ആരാധനാരീതി സ്ഥാപിക്കുകയുണ്ടായി (ഭൂപടം കാണുക)

ദൈവം തന്റെ ആത്മാവിനാൽ ലൂക്കോസിനെ ഈ കഥ ഉൾപ്പെടുത്താൻ നിയന്ത്രിച്ചു എന്നു നമുക്കു ഉറപ്പിക്കാം കാരണം ഈ സുവിശേഷത്തിലുടനീളം കാണുന്ന പ്രതിപാദ്യ വിഷയം വ്യക്തമാക്കുവാൻ ഇത് സഹായിക്കുന്നു. യേശു സകലരുടേയും രക്ഷിതാവാണ് എന്ന് ലൂക്കോസ് വ്യക്തമാക്കുന്നത് 1-ാം പഠനത്തിൽ നിന്നും ഓർക്കുമല്ലോ! അവൻ യഹൂദന്മാരേയും ജാതികളേയും ശമര്യരേയും രക്ഷിക്കുവാനാണ് വന്നത്. ഇതിൽ ആരും ഉൾപ്പെടാത്തതായിട്ടില്ല. കർത്താവായ യേശു തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പായി അപ്പൊസ്തലന്മാർക്ക് നൽകിയ വലിയ നിയോഗവും ഈ കാര്യത്തോട് വളരെ യോജിക്കുന്നു ***(അപ്പൊസ്തലപ്രവൃത്തികൾ 1:8).***

ഈ സംഭവത്തിന്റെ ചില വിശദീകരണങ്ങൾ നമുക്കൊന്നും പരിശോധിക്കാം:-

**1. അവരുടെ അസുഖം**: പത്ത് കുഷ്ഠരോഗികളെയാണ് 12-ാം വാക്യം പരിചയപ്പെടുത്തുന്നത്. കുഷ്ഠരോഗം ഒരു ഗൗരവമേറിയ ത്വക്ക് രോഗമാണ്. ചിലപ്പോൾ അത് പകരുന്നതും ശരീരഭാഗങ്ങൾക്ക് രൂപമാറ്റം സംഭവിക്കുന്ന നിലയിലെത്തിക്കുന്നതുമാണ്. അതുകൊണ്ട് പഴയനിയമ അടിസ്ഥാനത്തിൽ ഒരു കുഷ്ഠരോഗിയെ സമൂഹത്തിൽ മറ്റൊരാളോട് ബന്ധം പുലർത്തുവാനാകാത്തവിധം അകറ്റി നിർത്തിയിരുന്നു. തന്നെ ആരെങ്കിലും സമീപിക്കുന്നതു കണ്ടാൽ അവൻ, **"അശുദ്ധൻ, അശുദ്ധൻ"** എന്ന് നിലവിളിക്കേണ്ടത് ആവശ്യമായിരുന്നു ***(ലേവ്യ 13:45 – 46).***

ഒരു കുഷ്ഠരോഗിയുടെ ശാരീരിക വൈകല്യത്തെ ദൈവത്തിന്റെ മുമ്പാകെയുള്ള നമ്മുടെ ആത്മീയവൈകല്യത്തിന്റെ ഒരു ചിത്രമായി നമുക്ക് തികച്ചും കരുതാവുന്നതാണ്. കുഷ്ഠരോഗം പകരുന്നതും അശുദ്ധമാക്കുന്നതും മരണത്തിൽ കലാശിക്കുന്നതുമായ ഒരു അസുഖമായിരിക്കുന്നതുപോലെ നമ്മുടെ പാപം നമ്മെ അശുദ്ധരും സ്വർഗ്ഗത്തിന് അയോഗ്യരുമാക്കിത്തീർക്കുന്നു.

**2. അവരുടെ അകലം**: അവൻ ***"ദൂരത്തു നിന്നു"*** എന്ന വസ്തുത ലൂക്കോസ് ഇവിടെ വ്യക്തമാക്കുന്നു. മിക്കവാറും ഇതിൽ ഒമ്പതുപേരും യഹൂദന്മാർ തന്നെയായിരിക്കണം അതുകൊണ്ട് കുഷ്ഠരോഗത്തെക്കുറിച്ചുള്ള പഴയനിയമ ഉപദേശങ്ങൾ അറിവുള്ളവരാകാം. അവരുടെ കൂടെയുണ്ടായിരുന്ന നിയമം എന്താണ് അനുശാസിക്കുന്നതെന്നു മനസ്സിലാക്കിയിരുന്നു. അപ്രകാരം അവരുടെ ഓരോരുത്തരുടേയും നില വളരെ ഗുരുതരമാണെന്നും ദൈവത്തിന്റെ നിയമം എന്താണ് അനുശാസിക്കുന്നതെന്നും ഈ പത്തു പേർക്കും അറിയാമായിരുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്.

ഈ ആത്മീയസത്യം നമുക്ക് വളരെ വ്യക്തമാണ്. "നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളേയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതെവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറയ്ക്കുമാറാക്കിയത്.

**3. അവരുടെ ആഗ്രഹം: "യേശുനായകാ ഞങ്ങളോടു കരുണയുണ്ടാകേണമേ എന്ന് ഉറക്കെപ്പറഞ്ഞു"** ***(വാക്യം 13).*** യേശു ആരാണെന്നുള്ള ചില അറിവ് അവർക്ക് ഉണ്ടായിരുന്നു എന്നത് വ്യക്തമാണ്. അവന്റെ അത്ഭുതകരമായ സൗഖ്യപ്പെടുത്തലുകളെക്കുറിച്ച് അവൻ തീർച്ചയായും കേട്ടിട്ടുണ്ടാവും തങ്ങളുടെ ഈ വലിയ പ്രശ്നത്തിന് അവന്റെ പക്കൽ നിശ്ചയമായും പരിഹാരമുണ്ട് എന്ന് ആത്മാർത്ഥതയോടെയും ആശ്രയത്തോടെയും വിശ്വസിച്ചുകൊണ്ട് അവർ അപേക്ഷിച്ചു.

**4. അവരുടെ വിടുതൽ**: അവരുടെ അപേക്ഷ വെറുതെയായില്ല! നമ്മുടെ കർത്താവ് അവരോട് അപ്പോൾ തന്നെ പുരോഹിതന്മാരുടെ അടുക്കൽ പോകുവാൻ പറഞ്ഞു. താൻ സൗഖ്യം പ്രാപിച്ചു എന്ന് ഒരു കുഷ്ഠരോഗിക്ക് അനുഭവപ്പെട്ടാൽ മാത്രമേ അവൻ ഇപ്രകാരം ചെയ്യുകയുള്ളൂ. യേശു പറഞ്ഞത് പത്തു പേരും ഉടനടി പ്രവർത്തിച്ചതിലൂടെ അവർ അവനിലുള്ള തങ്ങളുടെ വിശ്വാസത്തെ വെളിപ്പെടുത്തി, ഈ പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ കർത്താവ് ഒരു വലിയ അത്ഭുതം പ്രവർത്തിക്കുകയും ആ പത്തു പേരും ഉടനടി സൗഖ്യം പ്രാപിക്കുകയും ചെയ്തു.

ഇതിന്റെ ഉപസംഹാരം പ്രധാനപ്പെട്ടതാണ്! എത്ര പേർ മടങ്ങി വന്ന് നന്ദി പറയുകയും **ദൈവത്തിന് മഹത്വം** നൽകുകയും ചെയ്തു? ഒരേ ഒരാൾ! നമ്മുടെ കർത്താവ് മറ്റ് ഒമ്പതുപേരുടെ അസാന്നിദ്ധ്യം ശ്രദ്ധിച്ചു. മടങ്ങി വന്നവൻ യേശു വിളിച്ച പ്രകാരം ഒരു '**അന്യജാതിക്കാരൻ**' ആണെന്നത് വളരെ ശ്രദ്ധേയമായ കാര്യമാണ്. അതിന്റെ അർത്ഥം അവൻ ഒരു ശമര്യൻ അഥവാ യഹൂദനല്ലാത്തവൻ എന്നാണ്. അവനോട് നമ്മുടെ കർത്താവിന് വളരെ പ്രത്യേകമായി എന്തോ പറയുവാനുണ്ടായിരുന്നു ***(വാ. 19).***




നാം നമ്മോടു തന്നെ ചോദിക്കുക: എന്റെ പാപത്തിന്റെ ശുദ്ധീകരണത്തിനായി ഞാൻ ആ രക്ഷകനിൽ വിശ്വസിക്കുന്നുണ്ടോ? തന്റെ ജീവൻ എനിക്കായി നൽകിയതിൽ ഞാൻ നന്ദിയുള്ളവനാണോ? തന്റെ വലിയ രക്ഷയെ ഞാൻ മാനിക്കുന്നുവെന്ന് ഓരോ ദിവസവും എന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തുന്നുണ്ടോ?

**1** ശമര്യർ ആരാണെന്ന് ഒരു വാചകത്തിൽ വിവരിക്കുക.

........................................................................................................................................................................

........................................................................................................................................................................ 2

**2** 11–ാം വാക്യത്തിൽ കൊടുത്തിരിക്കുന്ന മൂന്നു സ്ഥലങ്ങളും ഭൂപടത്തിൽ അടയാളപ്പെടുത്തുക. 3

**3** 3. ലൂക്കോസ് സുവിശേഷത്തിന്റെ പൊതുവായ അവതരണത്തിൽ ഈ പത്ത് കുഷ്ഠരോഗികളുടെ കഥ എപ്രകാരമാണ് ഉൾക്കൊള്ളുന്നത്?



..................................................................................................................................

..................................................................................................................................

..................................................................................................................................

..................................................................................................................................

.................................................................................................................................. 2

**4** 4. ലേവ്യപുസ്തകം 13:45 – 46 വായിക്കുക, എന്നിട്ട് കുഷ്ഠരോഗികൾക്ക് നൽകിയിട്ടുള്ള മൂന്നു അനുഷ്ഠാനങ്ങൾ എന്തൊക്കെയാണെന്ന് എഴുതുക.

..................................................................................................................................

........................................................................................................................................................................

........................................................................................................................................................................

........................................................................................................................................................................ 3

**5** 5. അവരിൽ ഒരുത്തൻ ..... മടങ്ങി വന്നു (വാക്യം 15)

a. അവൻ ഏതു രാജ്യക്കാരനായിരുന്നു?..........................................................................................

b. അവൻ മടങ്ങിവന്നശേഷം ചെയ്ത രണ്ട് കാര്യങ്ങൾ എന്തെല്ലാം?...................................................... 4

c. കർത്താവായ യേശു അവനോട് എന്താണ് പറഞ്ഞത്? ..........................................................................

**6** 6. കുഷ്ഠരോഗം കുടുംബബന്ധങ്ങളെ അകറ്റുന്നതുപോലെ പാപം നമ്മെ ദൈവത്തിൽ നിന്നും വേർപെടുത്തുന്നു. ഇത് തെളിയിക്കാനായി യെശയ്യാവ് 59:2 എടുത്തെഴുതുക.

........................................................................................................................................................................

........................................................................................................................................................................ 2

**7** 7. a. നമ്മെ രക്ഷിച്ചതിന് യേശുകർത്താവിനോട് നമുക്ക് എപ്രകാരം നന്ദി പ്രകടിപ്പിക്കാം എന്നതിന് രണ്ട് വഴികൾ നിർദ്ദേശിക്കുക.........................................................................................................................

b. രക്ഷകൻ തങ്ങൾക്കുവേണ്ടി ചെയ്തതിന് ഇന്ന് ജനങ്ങൾ വില നൽകാത്തത് എന്തുകൊണ്ട്?

........................................................................................................................................................................

........................................................................................................................................................................

........................................................................................................................................................................ 4

**8** 8. ചുവടെയുള്ളവ ശരിയോ തെറ്റോ എന്നെഴുതുക.

1. ഒമ്പത് കുഷ്ഠരോഗികൾ സൗഖ്യം പ്രാപിച്ചു. ......................
2. നന്ദി പറയുവാൻ മടങ്ങി വന്നവൻ ഒരു യഹൂദനായിരുന്നു. ......................
3. യേശുകർത്താവ് പത്ത് കുഷ്ഠരോഗികളോടും പുരോഹിതന്റെ അടുക്കൽ പോകുവാൻ ആവശ്യപ്പെട്ടു. ......................
4. കുഷ്ഠരോഗത്തെ പാപത്തിന്റെ ഒരു ചിത്രമായി മനസ്സിലാക്കാം. ......................
5. യഹൂദന്മാർ സാധാരണയായി ശമര്യരുമായി സമ്പർക്കത്തിൽ ഏർപ്പെടാറില്ല. ......................

5

**25**

ആകെ മാർക്ക്

# ക്രിസ്തുവിന്റെ ജീവിതം

## യൂണിറ്റ് D

## പഠനം 4. സ്വർഗ്ഗത്തിലേക്കു പോയ കള്ളൻ

**വായിക്കുക: ലൂക്കോസ് 23:32 – 46**

**താക്കോൽവാക്യം: ലൂക്കോസ് 23:43**

**"യേശു അവനോടു, ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു എന്നു പറഞ്ഞു"**

എല്ലാത്തരത്തിലുമുള്ള ജനങ്ങളേയും യേശുകർത്താവ് രക്ഷിക്കുവാൻ ശക്തിയുള്ളവനും മനസ്സുള്ളവനുമാണെന്ന് ലൂക്കോസ് തന്റെ സുവിശേഷത്തിലുടനീളം വ്യക്തമാക്കുന്നു. ഈ പഠനം നമ്മെ അവൻ മരിച്ച ദിവസത്തേക്കാണ് കൊണ്ടു വരുന്നത്. ഈ സമയത്തും യേശുകർത്താവ് "***പാപികളുടെ ഒരു സുഹൃത്താണ്***" എന്നാണ് ലൂക്കോസ് വെളിപ്പെടുത്തുന്നത്.

യേശുവിനൊപ്പം രണ്ടു കുറ്റവാളികളേയും ക്രൂശിച്ചു എന്നത് വളരെ അറിയപ്പെടുന്ന ഒരു വസ്തുതയാണ്. അതിൽ ഒരാൾ മാനസാന്തരപ്പെട്ട് പാപമോചനം നേടിയതിനെക്കുറിച്ച് ലൂക്കോസ് സുവിശേഷത്തിൽ മാത്രമാണ് കാണുന്നത്. മുമ്പുള്ള അദ്ധ്യായങ്ങളിലുടനീളം കാണുന്ന പ്രതിപാദ്യ വിഷയവുമായി ഇത് വളരെ പൊരുത്തപ്പെടുന്നു. സകലരും കർത്താവിങ്കലേക്ക് മാനസാന്തരത്തിലും വിശ്വാസത്തിലും തിരിഞ്ഞാൽ സർവ്വജനത്തിനും നൽകുവാൻ കർത്താവിന് ദയയുടേയും പ്രത്യാശയുടേയും സന്ദേശമുണ്ട്.

യേശുവിന്റെ സമീപത്ത് ക്രൂശിക്കപ്പെട്ട ഈ പേര് പറഞ്ഞിട്ടില്ലാത്ത കുറ്റവാളിയെക്കുറിച്ചുള്ള ചില വസ്തുതകൾ ശ്രദ്ധിക്കുക.

**1. അവൻ തന്റെ മനോഭാവത്തെ മാറ്റി.**

ക്രൂശീകരണത്തിന്റെ പ്രാരംഭഘട്ടത്തിൽ ഇവനും മറ്റേ കള്ളനോട് ചേർന്ന് യേശുവിനെ കുറ്റപ്പെടുത്തുന്നതും മുറിവേൽപ്പിക്കുന്നതുമായ വാക്കുകൾ ഉപയോഗിച്ചു ***(മത്തായി 29:44; മർക്കോസ് 15:32 വായിക്കുക)*** എന്നാൽ ഒരു പ്രത്യേക അവസരത്തിൽ തന്റെ മനോഭാവത്തിന് മാറ്റമുണ്ടായി. താൻ എത്രമാത്രം തെറ്റുകാരനാണെന്ന് അവന് ബോധ്യപ്പെട്ടു. തന്റെ കൂടെ തൂങ്ങപ്പെട്ടവൻ തന്നിലും വളരെ വ്യത്യസ്തനാണ് അവൻ ഒരു തെറ്റും ചെയ്തിട്ടില്ല.

**2. അവൻ തന്റെ പ്രവൃത്തികളെക്കുറിച്ച് അനുതപിച്ചു.**

യേശുവിനെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്ന തന്റെ സുഹൃത്തിനോടായിരുന്നു അവന്റ ആദ്യത്തെ വാക്കുകൾ ***(വാക്യം 40).*** താൻ ചെയ്ത കുറ്റത്തിനുള്ള "**തക്കതായ പ്രതിഫലമാണ്**" താൻ അനുഭവിക്കുന്നത് എന്നാണ് താൻ ഈ ചെയ്തതിലൂടെ അർത്ഥമാക്കിയത്. താൻ ചെയ്ത കുറ്റത്തെ താൻ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. തന്റെ ശിക്ഷ താൻ അർഹിക്കുന്നതാണെന്ന് വ്യക്തമായി മനസ്സിലാക്കുകയും ചെയ്തു.

പാപവും തിന്മപ്രവൃത്തികളും നയിച്ചതിന്റെ ഒടുക്കം എത്രമാത്രം ഖേദകരമെന്ന് കാണുന്നത് ഭയങ്കരം തന്നെ! നമുക്കെല്ലാവർക്കും ഇതൊരു മുന്നറിയിപ്പാണ്. "**പാപത്തിന്റെ ശമ്പളം മരണമത്രേ**" ***(റോമർ 6:23).*** നാം ഒരുപക്ഷെ കുറ്റവാളികളല്ലായിരിക്കാം എന്നാൽ പാപം എത്രമാത്രം ഗൗരവമേറിയതാണെന്ന് നാം എല്ലാവരും മനസ്സിലാക്കേണ്ടതാണ്. ക്രൂശിലെ കള്ളൻ അനുതപിച്ചതുപോലെ നാം നമ്മുടെ തെറ്റുകളെ ദൈവത്തോട് ഏറ്റു പറയേണ്ടത് ആവശ്യമാണ്.



**3. അവൻ തന്നെത്താൻ രക്ഷകന് ഏൽപ്പിച്ചു കൊടുത്തു.**

തന്റെ സുഹൃത്തിനോട് സംസാരിച്ചതിനുശേഷം അവൻ യേശുകർത്താവിനു നേരെ തിരിഞ്ഞു, "കർത്താവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നേയും ഓർക്കേണമേ" എന്ന് അവൻ പറഞ്ഞു. ഈ വാക്കുകൾ അവന്റെ വിശ്വാസത്തെ തെളിയിക്കുന്നതായിരുന്നു. തന്റെ അരികിലുള്ള മനുഷ്യൻ തികച്ചും പ്രത്യേകതയുള്ളവനാണെന്ന് ആ കള്ളൻ വ്യക്തമായി മനസ്സിലാക്കി. ഇവൻ തീർച്ചയായും ദൈവത്തിന്റെ രാജാവായ മിശിഹയാണ്. അവൻ ഒരിക്കൽ തന്റെ രാജ്യം സ്ഥാപിക്കും. തന്റെ രൂപാന്തരവും മാനസാന്തരവും സംഭവിച്ച ഹൃദയത്തോടെ ആ കള്ളൻ കരുണയ്ക്കായി കരയുന്നു! അവന് മറ്റൊരു പ്രത്യാശയുമില്ല! അങ്ങനെയെങ്കിൽ തന്റെ വ്യക്തിപരവും നിത്യവുമായി രക്ഷയ്ക്കായി തന്നെത്തന്നെ യേശുകർത്താവിന് ഏൽപ്പിക്കുന്നത് എത്രയോ ബുദ്ധിപരമായ കാര്യമാണ്!

**4. അവൻ ഒരു ഉറപ്പുള്ള വാഗ്ദത്തത്താൽ ആശ്വസിപ്പിക്കപ്പെട്ടു.**

കർത്താവ് അവനോട് ചെയ്ത വാഗ്ദത്തം താക്കോൽ വാക്യത്തിൽ കാണാവുന്നതാണ്. "**നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും**" കുറച്ചു കഴിഞ്ഞശേഷം അവൻ മരിച്ചു. എന്നിരുന്നാലും ഈ ആശ്ചര്യജനകമായ വാഗ്ദത്തം പോലെ അവൻ ചെയ്തു - "**ഞാൻ എന്നെത്തന്നെ ഏൽപ്പിച്ചു കൊടുത്തവന്റെ കൂടെ ഞാൻ പറുദീസയിൽ ഉണ്ടാവും**" (ശ്രദ്ധിക്കുക: പറുദീസ എന്നത് ഒരു ഉല്ലാസകേന്ദ്രത്തേയോ സുഖവാസ സ്ഥലത്തേയോ സൂചിപ്പിക്കുന്നതാണ്; ഇത് സ്വർഗ്ഗത്തെക്കുറിച്ച് ആലങ്കാരികഭാഷയിൽ പറഞ്ഞിരിക്കുകയാണ്) പാപികൾ തങ്ങളുടെ പാപങ്ങളെക്കുറിച്ച് കുറ്റബോധമുള്ളവരായി അവർ കർത്താവിൽ ശരണപ്പെടുമ്പോൾ അവരെ ഈ രക്ഷകൻ ഹൃദയംഗമായി സ്വീകരിക്കുന്നു എന്ന് പറഞ്ഞുകൊണ്ടാണ് ലൂക്കോസ് തന്റെ ഉപസംഹാര കഥ രേഖപ്പെടുത്തിയിരിക്കുന്നത്. നാം യൗവ്വനക്കാരായിരിക്കുമ്പോൾത്തന്നെ ഈ തീരുമാനം എടുക്കുന്നതാണ് ഏറ്റവും നല്ലത്. ആ കള്ളൻ ചെയ്തതുപോലെ ജീവിതാന്ത്യത്തോളം ഇത് ഉപേക്ഷിക്കാതെയിരിക്കുക, "**ഇപ്പോൾ ആകുന്നു രക്ഷാദിവസം**" ***(2 കൊരിന്ത്യർ 6:2).***

## പാഠം 4. സ്വർഗ്ഗത്തിലേക്കു പോയ കള്ളൻ

**1** ലൂക്കോസ് 23:33 – ലെ വാക്കുകൾ എഴുതുക.

........................................................................

........................................................................

........................................................................

(2)

**2** ആരു പറഞ്ഞു?

a) ദൈവമേ ഇവരോടു ക്ഷമിക്കേണമേ ..........................
b) ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. ..........................
c) നീ രാജാവാകുന്നുവെങ്കിൽ ..........................
d) നീ ക്രിസ്തു(മിശിഹ) ആകുന്നുവെങ്കിൽ ..........................
e) കർത്താവേ എന്നെ ഓർക്കേണമേ ..........................
f) ഇന്ന് നീ എന്നോടു കൂടെ ഇരിക്കും.

(4)

**3** ഒരു കള്ളൻ തന്റെ മനോഭാവത്തിന് മാറ്റം വരുത്തിയത് എപ്രകാരമാണ്? (2)

........................................................................

........................................................................

**4** യേശുകർത്താവ് മരിക്കുന്നതിനുമുമ്പ് അവസാനമായി പറഞ്ഞവാക്കുകൾ ഈ പഠനത്തിനായി നിങ്ങൾ വായിച്ച വാക്യത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അവയെ എഴുതുക.

........................................................................

........................................................................

**5** ഈ കഥയിലെ കള്ളൻ 'അവസാനനിമിഷം' രക്ഷിക്കപ്പെട്ടു. ഒരാളുടെ ജീവിതാന്ത്യത്തോളം രക്ഷ സ്വീകരിക്കുവാൻ താമസിക്കുന്നതിന്റെ മണ്ടത്തരം എന്താണെന്ന് ഒരു വാചകത്തിൽ വ്യക്തമാക്കുക. (5)

........................................................................

........................................................................

**6** ഈ രണ്ട് കുറ്റവാളികളും യേശുവിന്റെ ഇരുവശങ്ങളിലുമായിരുന്നു. യേശുവിന് നേരെയുള്ള അവരുടെ മനോഭാവത്തിൽ അവർ എങ്ങനെ വ്യത്യാസപ്പെട്ടിരുന്നുവെന്ന് വ്യക്തമാക്കുക.

........................................................................

........................................................................

........................................................................

........................................................................

(5)

**7** a. യേശുവിനൊപ്പം പറുദീസയിലിരിക്കുവാനുള്ള ഉറപ്പ് നേടേണ്ടതിനായി ആ കള്ളൻ എന്താണ് ചെയ്യേണ്ടിയിരുന്നത്? (4)

........................................................................

........................................................................

........................................................................

b. സ്വർഗ്ഗത്തിലേക്ക് പോകുന്നവന്റെ ഉറപ്പ് ഇന്നൊരാൾക്ക് നേടുവാൻ കഴിയുന്നതെങ്ങനെ എന്ന് വിവരിക്കുക. (4)

........................................................................

........................................................................

........................................................................

(100) യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

(25) ആകെ മാർക്ക്


© Bible Educational Services, P.O Box - 9, MOOKANNUR P.O., 683577, Ernakulam, KERALA ,E-mail : besindia1@gmail.com, www.besweb.org